A

712

# സമഗ്രശിക്ഷാ കേരളം
## വാർഷിക മൂല്യനിർണ്ണയം 2023-2024
## മലയാളം
## അടിസ്ഥാന പാഠാവലി

ക്ലാസ് : 7 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 വായിക്കാം എഴുതാം**

ചാറ്റമഴയായി, പെരുമഴയായി, പെരുമ്പറയായി ഘോഷിക്കുന്ന വർഷം ചിലപ്പോൾ വലിയ വെള്ളപ്പൊക്കമായി മാറും. കുട്ടികളായ ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട കാലമാണത്. മുതിർന്നവർക്കു ദുരിതവും. താണ പറമ്പുകളിൽ താമസിക്കുന്ന അയൽക്കാർ ഞങ്ങളുടെ വീട്ടിൽ കുടിയേറും. അവരോടെ കളിക്കാൻ ഒരുപാട് കൂട്ടുകാരും കൊറിച്ചു നടക്കാൻ അരിയോ പയറോ വറുത്തതും. ഉമ്മറത്തു നിന്നു പടിയിറങ്ങിയാൽ ഓടിനടക്കുന്ന മുറ്റം നിറയെ വെള്ളം. അവിടെ വള്ളം കെട്ടിയിടാം. മുറ്റത്തു തന്നെ നീന്തിക്കളിക്കാം. കിഴക്കൻ മലകളിൽ നിന്ന് ഒഴുകിവരുന്ന ചെങ്കല്ലു കലർന്ന വെള്ളം. വെള്ളപ്പാച്ചിലിൽ ഒലിച്ചു വരുന്ന വൈക്കോൽതുറുവും അപൂർവ്വമായി ചിലപ്പോൾ മരിച്ച ചില ജന്തുക്കളും.

**പലതും പറയും പതിരും** -നെടുമുടിവേണു-

1. ഏതു കാലത്തെക്കുറിച്ചാണ് ഖണ്ഡികയിൽ പരാമർശിക്കുന്നത്?

   (മഞ്ഞുകാലം, വേനൽകാലം, മഴക്കാലം)

2. "താണ പറമ്പുകളിൽ താമസിക്കുന്ന അയൽക്കാർ ഞങ്ങളുടെ വീട്ടിൽ കുടിയേറും." ഇതിൽ നിന്നും മനസ്സിലാവുന്നതെന്ത്?

   (സഹജീവിസ്നേഹം, മര്യാദ, ബഹുമാനം)

3. കിഴക്കൻ മലകളിൽ നിന്നും ഒഴുകി വരുന്ന വെള്ളത്തെ എങ്ങനെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്?

   (മലവെള്ളം, ചെങ്കല്ലു കലർന്ന വെള്ളം, ശുദ്ധമായ വെള്ളം)

4. "പറമ്പിലാകെ വള്ളം തുഴഞ്ഞ് നടക്കാം" എന്ന വാക്യത്തിലൂടെ അർഥമാക്കുന്നതെന്ത്?

   (പറമ്പ് വരണ്ടുണങ്ങി, പറമ്പിലാകെ ചളി നിറഞ്ഞു, പറമ്പ് പുഴയായി മാറി)

5. "പെരുമ്പറയായി ഘോഷിക്കുന്ന വർഷം" എന്ന വാക്യം കൊണ്ടുദ്ദേശിക്കുന്നത്?

   (ചാറ്റമഴ, നൂൽമഴ, ഇടിമഴ)

പ്രവർത്തനം 2

എ) ആസ്വാദനക്കുറിപ്പ്

## എന്റെ കപ്പൽ

മഴപെയ്യും മുറ്റമൊക്കെ
മാറും വൻ കടലായിനി
പറമ്പും പാടവും ചേർന്നു
പരപ്പതിനു കൂടിടും
കടലാസാലുടൻ തീർക്കും
കപ്പൽ ഞാനതിലെന്റെ പേർ
നക്ഷത്രംപോലെ വലുതായ്
നല്ലപോലെ കുറിച്ചിടും
മൂക്കുറ്റിമുല്ല മുതലായ്
മുറ്റും ഗുണമെഴും മലർ
പറിച്ചുവയ്ക്കും കാറ്റത്തു
പതുക്കെക്കപ്പൽ നീങ്ങിടും
മുങ്ങിപ്പോകാതെയാക്കപ്പൽ
മുറയ്ക്കു പലദിക്കിലും
ചെന്നടുക്കും കാറ്റുകിട്ടാൻ
ചെറ്റുനേരം കിടന്നിടും
കരകാണാതെ വെള്ളത്തിൽ
കട്ടുറുമ്പുകൾ കേഴവേ
കാണുമെൻകപ്പലിൽക്കേറി-
ത്താണുപോവാതിരുന്നിടും
എന്റെപേർപലരുംകാണു-
മെന്നെപ്പലരറിഞ്ഞിടും
നാടിന്റെ കീർത്തി ഞാൻമൂലം
നാലുദിക്കിലുമെത്തിടും

*ജി. ശങ്കരക്കുറുപ്പ്*

വെള്ളപ്പൊക്കം എന്ന കവിതയിലെ മഴക്കാലത്തിലൂടെ നിങ്ങൾ സഞ്ചരിച്ചിട്ടുണ്ടല്ലോ? 'എന്റെ കപ്പൽ' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

ബി) 'വെള്ളപ്പൊക്കം' എന്ന കവിത എഴുതിയതാര്?


(പി. ഭാസ്കരൻ, എൻ.വി. കൃഷ്ണവാര്യർ, ഇടശ്ശേരി)

പ്രവർത്തനം 3

എ) താരതമ്യക്കുറിപ്പ്

വീട്ടിൽ അകപ്പെട്ടുപോയ ജൻട്രിയെ നിങ്ങൾ വായിച്ചല്ലോ.





രണ്ടു ചിത്രങ്ങളും നിരീക്ഷിച്ച് ജൻട്രിയുടെയും കിളിയുടെയും അവസ്ഥകളെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കു.

ബി) "ഇവിടെ ഒരു പുഴയുണ്ടായിരുന്നു, സത്യം..... അച്ഛനതിൽ കുളിക്കാറുണ്ടായിരുന്നു."
ഇങ്ങനെ പറഞ്ഞത് ആര്?

(ജൻട്രി, ഭാസ്കരൻ, ഉത്തമൻ)

പ്രവർത്തനം 4

എ) **വിശകലനക്കുറിപ്പ്**

അശ്വതിക്ക് മിഠായി നൽകിയ കഥാകാരനെ കണ്ടില്ലേ?

| |
|---|
| *ട്രാഫിക്ക് ബ്ലോക്കിൽ കൈക്കുഞ്ഞിനെയുമേന്തി പൊരിവെയിലത്തു ബലൂൺ വിൽക്കുന്ന ഒരു സ്ത്രീ കൈനീട്ടി യാചിച്ചു. 'ഒരു ബലൂൺ വാങ്ങണേ'. 'ശല്യം' എന്നു പറഞ്ഞുകൊണ്ട് അച്ഛൻ കാറിന്റെ ഗ്ലാസ് കയറ്റി വച്ചു. എന്റെ കണ്ണുകൾ ആ കുഞ്ഞിന്റെ മുഖത്തായിരുന്നു. ഞാൻ എന്റെ വശത്തെ ഗ്ലാസ് താഴ്ത്തി കൈയിലെ നേന്ത്രപ്പഴവും കളിപ്പാട്ടവും ആ കുഞ്ഞിനു നേരെ നീട്ടി.* |

ഈ കുട്ടിയുടെ പ്രവൃത്തി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം 5

എ) നിവേദനം

സ്കൂളിനു മുൻവശത്തുള്ള റോഡരികിൽ തണൽമരത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ ഹരിതക്ലബ്ബിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകാൻ ഒരു നിവേദനം തയ്യാറാക്കൂ.

ബി) ജീവലോകത്തിലെ കളിയുടെ നിയമം തെറ്റിച്ചു കളിക്കുന്ന ജീവിയായി ലേഖകൻ കണക്കാക്കുന്നത് ആരെയാണ്?

(മനുഷ്യൻ, പക്ഷികൾ, സസ്യജാലങ്ങൾ)

**പ്രവർത്തനം 6 പ്രതികരണക്കുറിപ്പ്**

"നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു" എന്ന പാഠഭാഗത്തിൽ "അവരവരുടെ ജീവിത താൽപര്യങ്ങളാണ് ഓരോരുത്തരുടെയും ലോകത്തെ വാർത്തെടുക്കുന്നത്" എന്ന പ്രസ്താവനയുണ്ട്. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം അനുഭവങ്ങളും മറ്റ് ഉദാഹരണങ്ങളും ചേർത്ത് കുറിപ്പായി എഴുതുക.

exam WiNNER